# കടുക്

അവിനാശ് ഉദയഭാനു



കടുക്
അവിനാശ് ഉദയഭാനു
(മലയാളം: കവിത)

© 2021, Avinash Udayabhanu

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Sunset over mustard field, a photograph.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 രുചി . . . . . . . . . . . . . . . . . . . 4

2 ടെറസ് . . . . . . . . . . . . . . . . . 5

3 ഉച്ചാരണം . . . . . . . . . . . . . . . 6

4 ചില്ല് . . . . . . . . . . . . . . . . . . . 7

5 ആ ദിവസം നിനക്ക്
വായിക്കുവാൻ . . . . . . . . . . . . 8

6 കടുക് . . . . . . . . . . . . . . . . . . 9

# 1

## രുചി



അവധിക്ക് വന്ന മക്കൾ
ഊണുകഴിഞ്ഞുടനേയിറങ്ങാനുറച്ച്
ഇല മുറിക്കാനും
ചോറ് വാർക്കാനും
ഓടിത്തുടങ്ങിയപ്പോഴാണ്
കുടിച്ചു കൊണ്ടിരുന്ന കഞ്ഞിയിലും
കൂട്ടാനിലും ഉപ്പില്ലെന്ന്
അമ്മമ്മ പൊട്ടിത്തെറിച്ചത്.

നീണ്ട മൗനത്തിന്റെ
സംഭരണികളിലെ പ്രഹരശേഷിയിൽ
തീന്മേശക്ക് തീപിടിച്ചു.

അത്രകാലത്തിനിടക്ക്
അന്നാദ്യമായാണ്
അമ്മമ്മയിൽ
(അ)രുചി
അടയാളപ്പെടുത്തിയത്.

മധുരം റദ്ദാക്കപ്പെട്ട നാക്കിൽ
അവശേഷിച്ച ഉപ്പുതരികൾ
കണ്ണുകളിലേക്കലിഞ്ഞ്
പുരട്ടിയുണക്കേണ്ടുന്ന
മുറിവുകളെത്തേടി
കവിളുകളിലൂടൊലിച്ചിറങ്ങി.

ഊണുകഴിഞ്ഞ്, പാത്രങ്ങൾ കഴുകിക്കമഴ്ത്തി
വന്നവർ പിരിഞ്ഞു പോയി.

ഇറ്റുവീണ പായസത്തുള്ളികളിൽ
നിന്നും ഉറുമ്പുകൾ നിരനിരയായിറങ്ങി
അമ്മമ്മയേക്കാൾ പഴക്കമുള്ള
വാതിൽക്കട്ടിലചോട്ട്
രുചിച്ചു തുടങ്ങി.

## 2

## ടെറസ്



പാരപ്പെറ്റിൽ കാൽ കയറ്റി വെച്ച്
അലക്കാത്ത ജീൻസിന്റെ
അടിമടക്കുകളിലെ
മണ്ണ് കുടഞ്ഞു കളയുകയായിരുന്നു.

മൺതരികളിലേക്ക് കണ്ണുകളാഴ്ത്തി
നടന്ന ദൂരങ്ങളെ
ഒരു ദീർഘ ശ്വാസത്തിലേക്കു
പെറുക്കി വെച്ചു.

അടുത്ത ഫ്ളാറ്റിലെ അന്ധയായ വൃദ്ധ
വടിയിലൂന്നി പതുക്കെ
വാതിൽ തുറന്നു ടെറസിലെത്തി
കയ്യിലെ കുപ്പിയിൽ നിന്നും ധാന്യങ്ങൾ
ടെറസിൽ വിതറിയിട്ടു

പ്രാവുകളുടെ ഒരു തിരയിൽ
ടെറസാകെ നനഞ്ഞു.

# 3

## ഉച്ചാരണം



വീട്ടുമുറ്റത്ത് നിന്ന കുഞ്ഞ്
അപ്പോൾ പഠിച്ച വാക്ക്
ആവർത്തിച്ച് ഉച്ചരിക്കുന്നു.
മുൻപ് പഠിച്ച എല്ലാ വാക്കുകളെയും
മറന്നു കൊണ്ട്.
ആദ്യമായി വന്ന പല്ല്
മോണയിലെ ഒപ്പമുണ്ടായ ശൂന്യതയെ
പെട്ടെന്ന് മറന്നു പോയതു പോലെ.

മുറ്റത്തൊരു പേരമരം,
മതിലിനോട്ട് ചേർന്ന്
കൊമ്പുകൾ പതുക്കെ വീശി.
അതിർത്തിയിലെ പട്ടാളക്കാരനെപ്പോലെ
ചുറ്റുപാടുകളെ പരിശോധിച്ച്
കാവലിരിക്കുന്നവന്റെ ഗരിമ.

പേരക്കൊമ്പ് ചാഞ്ഞു നിൽക്കുന്ന
തകരഷീറ്റടിച്ച ഒരു മേൽക്കൂര.
ഷീറ്റിനു മുകളിൽ നിറയെ
വീണു കിടക്കുന്ന പേരയിലകൾ.

ഇലകൾ—മരമുച്ചരിച്ച വാക്കുകൾ.

ഉണക്കിലകളുടെ ചുരുട്ടിയ മുഷ്ടിയിൽ
വാക്കിന്റെ എല്ല്.

വീട്ടുകാരി മതിലിൽക്കയറി
ഷീറ്റിനു പുറത്തെ ഉണക്കിലകൾ
തൂത്ത് കളയുന്നു.

ഭാഷയിൽ പണിയെടുക്കുന്നൊരാൾ
ഉച്ചരിച്ച വാക്കുകളിൽ നിന്നും
ലിപിയുണ്ടാക്കിയ പോലെ.

ഇലകളുടെ, ലിപികളുടെ,
പതിഞ്ഞ ശബ്ദങ്ങൾക്കിടയിലും
കുഞ്ഞ് തന്റെ വാക്കിൽ മാത്രം
ധ്യാനമിരിക്കുന്ന ഒച്ച്.
ആവർത്തിച്ചുച്ചരിച്ച വാക്കിന്റെ
പുറന്തോടിനുള്ളിൽ അവന്റെ മെയ്യ്.

# 4
## ചില്ല്



ഉയരത്തിൽ കയറി നിന്ന്
സോപ്പു ലായനിയിൽ
മുക്കിയ തുണികൊണ്ട്
ജനൽച്ചില്ലുകളമർത്തി തുടച്ചു.

പുറത്ത്,
വീടുമുളക്കാത്ത പറമ്പിൽ
നിറയെ കാറുകൾ പാർക്ക് ചെയ്തിട്ടുണ്ട്.

ചുമരിന്റെ,
കല്ലുമുളക്കാത്ത ജനൽ വിടവുകളിൽ
അഴുക്കും.

സുതാര്യതയുടെ സൗന്ദര്യശാസ്ത്രത്തിൽ,
അഴുക്ക്
ജൈവികതയേറിയ
ആവാസവ്യവസ്ഥയാണ്.

വൃത്തിയായ ചില്ലിനിടയിലൂടെ
പണ്ട് താമസിച്ച വീടിന്റെ
ഒരു കഷ്ണം വെളിപ്പെട്ടു.

ഭൂതകാലം ഒരു നാണയമാണ്.
അതെടുത്ത് ടോസ്സ് ചെയ്തു നോക്കി.

ധൃതിയിൽ ജനലടച്ച്
പിൻവാങ്ങുന്നതിനിടയിൽ
അഴികൾക്കിടയിലെ മാറാല
തൂത്ത് കളഞ്ഞു.

ചില്ലിനു മുകളിലെ ഈർപ്പം
പതുക്കെയേ ഉണങ്ങൂ.

# 5

# ആ ദിവസം നിനക്ക് വായിക്കുവാൻ



കാലുകൾ പുറത്തോട്ടു തള്ളിവെച്ച
കൈകൾ ഞൊറിമടക്കുകളോട് ചേർത്ത്
മുലപ്പാൽ മണക്കുന്ന തൊണ്ണ്കാട്ടിച്ചിരിച്ച
നീ തുണിത്തൊട്ടിലിൽ കിടക്കുന്നേരമാണ്
ഈ കവിത പിറക്കുന്നത്.

കരച്ചിൽ ഒരു ഭാഷയായിരുന്നെങ്കിൽ
അതിലെ ഏറ്റവും മനോഹരമായ
ചില വരികൾ
വിവർത്തനം ചെയ്തത് ഞങ്ങളായിരുന്നു.

വിശപ്പിനും ദാഹത്തിനും
ഭയത്തിനും വേദനയ്ക്കും
മൂത്രത്തിനും അപ്പിക്കുമിടയിലെ
നിന്റെ അസ്വസ്ഥതകളിലേക്ക്
ഞങ്ങളുടെ ചിന്തയെ അഴിച്ചു വിട്ടു.

അകാൽപനികതയുടെയും
അപ്രസക്തിയുടെയും
പൂട്ടുകൾ ഭേദിച്ച്
വെളിച്ചത്തിലേയ്ക്കു തുറക്കുന്ന
അനേകം വാതിലുകളുടെ
കാഴ്ച ബംഗ്ലാവാണിപ്പോൾ വീട്


നിലച്ചു പോയതിനാൽ
നോട്ടമെത്താത്ത ആ പഴയ ക്ലോക്ക്.
കാറ്റുമായി ചേർന്ന് വിരലുകളിളക്കുന്ന
പിഞ്ഞിയ ജാലകക്കർട്ടനുകൾ
തുരുമ്പിച്ച ചെല്ലത്തിലെ വായ്പ്പാട്ടുകളെ
വീണ്ടും മുറുക്കിച്ചുവപ്പിക്കുന്ന
തൊണ്ണൂറു കഴിഞ്ഞ മുത്തശ്ശി.
മുറ്റത്ത് നിന്നും സദാ
ആട്ടിയോടിക്കപ്പെടാറുള്ള
അയൽക്കാരന്റെ കോഴികൾ.
വെളിച്ചമൂറ്റി വലിച്ചെറിഞ്ഞ
കുറെയേറെ നിഴലുകൾ

കൗതുകം പേറുന്ന
എല്ലാ ഉറവകൾക്കിടയിലും
നിന്റെ ഭാഷയുടെ നീറ്റൊഴുക്ക്.

നിനക്കൊപ്പം വളരാനാവാത്ത
കളിപ്പാട്ടങ്ങൾ
സ്റ്റോർറൂമിലേക്കോ
ഷോകേസിലേക്കോ
ചുരുങ്ങുന്ന ഒരു ദിവസം വരുന്നുണ്ട്
നിനക്കായി ശേഖരിച്ച വാക്കുകൾ
വീട്ടുമുറ്റം നിറയ്ക്കുന്ന ദിവസം.
പ്രപഞ്ചം മുഴുവൻ
നിറഞ്ഞ നിഘണ്ടുവിന്റെ
താളുകൾ കീറിയെടുത്തു
നീ നിനക്കായൊരു
ഭാഷ പണിയുന്ന ദിവസം.
ആ ദിവസം
നിനക്ക് വായിക്കാനാണ്
ഈ കവിത.

## 6

# കടുക്



കണ്ണെത്താത്തിടത്തോളം പരന്നു
കിടക്കുന്ന കടുക് പാടങ്ങൾ.
മഞ്ഞിന്റേയും മേഘങ്ങളുടേയും
പുതപ്പുകൾക്കിടയിൽ നിന്നൊരു സൂര്യൻ
കടുകു പൂക്കളിലേക്ക്
മഞ്ഞയുരുക്കിയൊഴിക്കുന്നു.

മോണക്കുള്ളിൽ വെരുകുകളെ
പോറ്റുന്നൊരുവൾ
താമസിക്കുന്നതിവിടെയാണ്.

ഒട്ടുമേ മെരുങ്ങാതെ അവ
തമ്മിലിടിക്കുന്ന ചില രാത്രികളിൽ
അവന്റെ നാവ്
സമർത്ഥനായ ഒരു വേട്ടക്കാരനാവുന്നു.

മഞ്ഞുരുട്ടി നിറച്ച കിടക്കയിൽ
ഉടലുകളുരസി തീയുണ്ടാവുന്നു.

തീയുടെ ഓരോ തരി വിരലറ്റങ്ങളിൽ
വായ കൊണ്ട് കൊളുത്തുന്നു.

ഉമ്മവെച്ചുമ്മവെച്ചുരുക്കിയ
മെഴുകുതിരികളാണവരുടെയുടലുകൾ.

ഉടലുകളെ കടുകുമണികളാക്കി
പൊട്ടിച്ചിതറിക്കുന്നൊരു സൂര്യൻ
ആ മുറിയിൽ ഉദിക്കും.

## അവിനാശ് ഉദയഭാനു



കോഴിക്കോട്ട് ജനനം.
ജോലി സംബന്ധമായി ഉത്തരാഖണ്ഡിലെ ചമോലിയിൽ ജീവിക്കുന്നു. മലമുകളിലെ വീട്ട്, വൃദ്ധ, റേഡിയോ എന്ന കവിതാസമാഹാരം 2020-ൽ പ്രസിദ്ധീകരിച്ചു.

ചിത്രങ്ങൾ: വി. മോഹനൻ

RIVER VALLEY
DIGITAL LIBARY
*empowering the author …*

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു അയയ്ക്കുക.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014